**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4923** **23.03.2018** -ലെ മറുപടിക്ക്

## പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം സുലഭമായി ലഭിക്കാത്തവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>48 സങ്കേതങ്ങൾ . |
| (ബി) | പ്രസ്തുത കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ ഫണ്ട് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2016-17-ൽ അനുമതി നല്കിയതിൽ പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് 2017-18 വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ വർക്കല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ കുന്നത്തുമല കോളനി കുടിവെള്ള പദ്ധതിയ്ക്ക് 14.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ എം.എൽ.എയുടെ ശുപാർശ പ്രകാരം വർക്കല നിയോജക മണ്ഡലത്തിൽ നിന്നും ഇ.പി.കോളനി, പുളിയറക്കോണം-കൈപ്പടക്കോണം എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ട് കോളനികളിലും അടിസ്ഥാന സൗകര്യങ്ങളൊരുക്കുവാൻ കർമ്മപദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ